കേരള സർക്കാർ

# ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(പി.5)1848/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 08.12.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തിലെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-ഇ.കെ.എം(പി.5)1848/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 08.12.2016

# എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.06.2015 മുതൽ 15.10.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡി. സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.10.2016 മുതൽ 22.10.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഷൈല എം.എസ്.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | മരുൺ മാത്യു, അസി. ഓഡിറ്റ് ഓഫീസർ |
| | റഷീദ് സി.എം., അസി. ഓഡിറ്റ് ഓഫീസർ |
| | പ്രവീൺ വി.എൻ., ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ. എ.പി. ഉദയകുമാർ | 19.11.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | ശ്രീ. ഡെന്നീസ് കൊറയ | 01.04.2015മുതൽ31.03.2016വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ജോൺ ഷെറി | 01.04.2015മുതൽ31.03.2016വരെ |
| വെറ്ററിനറി സർജൻ | ഡോ. സുജ ജോൺ | 01.04.2015മുതൽ31.03.2016വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഫിലോമിന അലോഷ്യസ് | 01.04.2015മുതൽ31.03.2016വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ഖദീജ ബീവി | 01.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | ഡോ. ഇന്ദിര പി.വി | 01.04.2015മുതൽ31.03.2016വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | വെങ്കിടേശ്വര കമ്മത്ത് | 01.04.2015മുതൽ18.08.2015വരെ |
| | മുഹമ്മദ് ഹാഷിം. പി.എ | 19.08.2015മുതൽ 01.10.2015(FN)വരെ |
| | ഷീലകുമാരി പി.വി | 01.10.2015(AN) മുതൽ31.3.2016വരെ |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ് | അജിത. കെ.എ | 01.04.2015മുതൽ31.05.2015വരെ |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | ജോണി.കെ.കുര്യാക്കോസ് | 01.06.2015മുതൽ31.03.2016വരെ |
| വി.ഇ.ഒ, ചൂർണ്ണിക്കര | സൂരജ് കെ.എസ് | 01.04.2015മുതൽ31.03.2016വരെ |
| വി.ഇ.ഒ., എസ്.എൻ.പുരം | നജീബ് ടി.എസ് | 01.04.2015മുതൽ31.03.2016വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | സുഹറ സി.എച്ച്. | 01.04.2015മുതൽ31.03.2016വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | മഞ്ജു ബി | 01.04.2015മുതൽ31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം **- 1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഓഡിറ്റ് ഇംപാക്ട് | 1-11 |
| | ഭാഗം **- 2** | |
| 12 | വസ്തുനികുതി | 2-1 |
| 13 | തൊഴിൽ നികുതി | 2-2 |
| 14 | സേവന നികുതി | 2-3 |

| | | |
|---|---|---|
| | ഭാഗം - 3 | |
| 15 | അങ്കണവാടി മതിൽ നിർമ്മാണം - പെയിന്റിംഗ് പ്രവൃത്തി ചെയ്തില്ല – നഷ്ടം ₹.9,416/- | 3-1 |
| 16 | ഓണറേറിയം – അധിക തുക നൽകി | 3-2 |
| 17 | മീഡിയ ശ്രീ - തുടർ നടപടികൾ സ്വീകരിക്കണം | 3-3 |
| 18 | തെരുവ് വിളക്കുകൾ – എ.എം.സി. നൽകുന്നതിന് ടെൻഡർ നടപടികൾ സ്വീകരിച്ചില്ല. | 3-4 |
| 19 | ഹോമിയോ ആശുപത്രി - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 3-5 |
| 20 | സോഡിയം വേപ്പർ ലാമ്പുകൾ - വ്യവസ്ഥകൾ നിർണ്ണയിച്ച് കരാർ നൽകണം | 3-6 |
| 21 | പൊതു ടാപ്പുകൾ സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-7 |
| 22 | ഗുണഭോക്തൃ സമിതി നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ | 3-8 |
| | ഭാഗം - 4 | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 30 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4-8 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2015-16 | അനുബന്ധം.1 |
| 34 | ബാലൻസ് ഷീറ്റ് – 2015-16 | അനുബന്ധം.2 |
| 35 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് –2015-16 | അനുബന്ധം.3 |
| 36 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ ബജറ്റ് 23.03.2015ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| ഇനം | ബജറ്റ് നിർദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം |
|---|---|---|---|
| കെട്ടിട നികുതി | 1,48,08,000 | 1,26,83,190 | -21,24,810 |
| തൊഴിൽ നികുതി | 25,60,000 | 26,43,410 | 83,410 |

| | | | |
|---|---|---|---|
| വാടക | 3,40,000 | 1,32,170 | -2,07,830 |
| പരസ്യം | 3,00,000 | 1,02,000 | -1,98,000 |
| ഡി.ആന്റ്.ഒ ലൈസൻസ് | 5,35,000 | 2,96,800 | -2,38,200 |
| ലേലങ്ങൾ | 55,000 | 3,050 | -51,950 |
| വിനോദ നികുതി | 1,000 | 0 | -1,000 |
| പെർമിറ്റ് ഫീ | 7,00,000 | 5,15,313 | -1,84,687 |
| സേവന നികുതി | - | - | - |
| മറ്റുള്ളവ | 2,56,000 | 19,523 | -2,36,477 |

പഞ്ചായത്തിന്റെ ബജറ്റ് തനതു വരുമാനത്തിന്റെ കാര്യത്തിൽ യഥാർത്ഥ ഡിമാന്റുമായി ബന്ധമില്ലാതെയാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് മേൽ കണക്കുകളിൽ നിന്നും വ്യക്തമാണ്. ലേലം, പരസ്യനികുതി എന്നീ ഇനങ്ങളിൽ യഥാക്രമം 5%, 34% മാത്രമാണ് യഥാർത്ഥ ഡിമാന്റ്. വസ്തുനികുതിയിനത്തിൽ 21,24,810/- രൂപയുടെയും പെർമിറ്റ് ഫീസ് ഇനത്തിൽ 1,84,687/- രൂപയും ഡിമാന്റിൽ കുറവുള്ളതായി കാണുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്ന വിധത്തിൽ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 22.06.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു. അപാകതകൾ ഇല്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം.1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 2,07,31,622 |
| വരവ് | 5,28,09,525 |
| ആകെ | 7,35,41,147 |
| ചെലവ് | 5,26,69,473 |
| നീക്കിബാക്കി | 2,08,71,674 |

## 1-5 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 351027 | 6638218 | 8960168 | 8960168 | 1970923 | 0 |
| വികസന ഫണ്ട് | 422688 | 2614433 | 3037121 | 3037121 | - | 0 |

| | | | | | | |
|---|---|---|---|---|---|---|
| (എസ്.സി.പി) | | | | | | |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 36000 | 36000 | 36000 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 114484 | 5643480 | 5757964 | 5757964 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 31266 | 2477257 | 2508523 | 2508523 | - | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 211730 | 3806787 | 4018517 | 4018517 | (-)181323 | 0 |
| ലോക ബാങ്ക് സഹായം | 2703632 | 1749864 | 4453497 | 4453496 | (-)1789600 | 0 |

| നം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് % |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട്(ജനറൽ) | 89,60,168 | 89,60,168 | 100% |
| 2 | പ്ലാൻ ഫണ്ട് (എസ്.സി.പി) | 41,65,688 | 30,37,121 | 72.91% |
| 3 | പ്ലാൻ ഫണ്ട് (ടി.എസ്.പി) | 36,000 | 36,000 | 100% |
| 4 | ധനകാര്യ കമ്മീഷൻ | 44,98,730 | 38,37,194 | 85.3% |
| 5 | ലോക ബാങ്ക് | 27,03,682 | 26,63,896 | 98.53% |
| 6 | കേന്ദ്ര സഹായം | 16,01,500 | 4,69,948 | 29.34% |
| 7 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 62,75,484 | 57,57,964 | 91.75% |
| 8 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 26,45,266 | 25,08,523 | 94.83% |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 195 | 96 | 50 | 49 | 49.2% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 7,07,865 | 3,22,175 | 45.5% |
| വെറ്റിനറി സർജൻ | 6 | 6 | 8,85,000 | 1,93,000 | 22% |
| മെഡിക്കൽ ഓഫീസർ– പി.എച്ച്.സി | 2 | 2 | 5,50,000 | 5,46,000 | 99.2% |
| മെഡിക്കൽ ഓഫീസർ– ആയുർവ്വേദം | 2 | 2 | 9,00,000 | 9,00,000 | 100% |
| വി.ഇ.ഒ | 21 | 16 | 86,09,517 | 52,84,082 | 61.3% |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 7 | 39,78,553 | 31,00,118 | 78% |
| സെക്രട്ടറി | 34 | 20 | 87,87,720 | 34,73,317 | 39.5% |
| എച്ച്.എം.എൽ.പി. സ്കൂൾ | 6 | 2 | 7,20,000 | 3,64,600 | 50.6% |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | 118 | 97 | 2,71,88,010 | 2,06,08,591 | 75.8% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 50,000 | 50,000 | 100% |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 10 | 21,19,000 | 13,86,210 | 65.4% |

പട്ടികജാതി/പട്ടികവർഗ്ഗ വികസനം ചെറുകിടവ്യവസായ വികസനം എന്നീ മേഖലകളുടെ സമഗ്രവികസനമാണ് വി ഇ ഒ നടപ്പാക്കുന്ന പദ്ധതികൾകൊണ്ട് ലക്ഷ്യമിടുന്നത് .2015-16 വർഷം വകയിരുത്തിയ തുകയിൽ 61% മാത്രമേ വി.ഇ.ഒ ക്ക് ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുള്ളു. ചെറുകിട വ്യവസായവികസനത്തിനായി യാതൊരു പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. നടപ്പാക്കിയ പദ്ധതികളിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വളരെ ചെറിയ പ്രാധിനിധ്യമേ നൽകിയിട്ടുള്ളു.

മൃഗസംരക്ഷണ മേഖലയിൽ വകയിരുത്തിയ തുകയിൽ 22% മാത്രമേ വെറ്റനറി സർജന് ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുള്ളു. വളരെ പ്രാധാന്യമർഹിക്കുന്ന മൃഗസംരക്ഷണ മേഖലയിൽ പദ്ധതി നടപ്പാക്കാതെ അനുവദിച്ച തുക പാഴാക്കി കളയുന്നത പ്രവണത ഒഴിവാക്കേണ്ടതാണ്. വിദ്യാഭ്യാസ മേഖലയിൽ 6 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും 2 എണ്ണം മാത്രമേ നടപ്പാക്കിയിട്ടുള്ളു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുന്ന കാലികമായ പ്രോജക്ടുകൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച തുകയിൽ 50% വിനിയോഗിക്കാതിരുന്നത് ആശാസ്യമല്ല.

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1,71,32,850 | 1,33,95,978 | -37,36,872 | -22% |
| നികുതിയേതര വരവുകൾ | 29,75,640 | 16,33,839 | -1,34,18,017 | 45% |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 4,15,643 | 3,47,747 | -67,896 | -16.35% |
| ആകെ | 2,05,24,133 | 1,53,77,564 | -5,14,659 | -25% |

തനതു വരുമാനത്തിൽ മുൻ വർഷത്തേക്കാൾ 25% കുറവുള്ളതായി കാണുന്നു. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ.

| ക്രമ നം. | പദ്ധതി | 2015-16ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസം ഉണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 35 | 26 | 9 | അന്വേഷണറിപ്പോർട്ട് തിരിച്ച് ലഭിക്കുവാൻ കാലതാമസം നേരി |

| | | | | | |
|---|---|---|---|---|---|
| | | | | | ട്ടുന്നത് ഒഴിവാക്കൽ |
| 2 | തൊഴിൽരഹിതവേതനം | 11 | 10 | 1 | " |
| 3 | വിധവാ പെൻഷൻ | 155 | 145 | 10 | " |
| 4 | വികലാംഗ പെൻഷൻ | 33 | 27 | 3 | " |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 7 | 6 | 1 | " |
| 6 | വാർദ്ധക്യകാല പെൻഷൻ | 738 | 590 | 148 | " |

2015-16 വർഷം ക്ഷേമപെൻഷൻ ഇനത്തിൽ ആകെ 979 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 804 അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തീരുമാനമെടുത്തിട്ടുണ്ട്. 156അപേക്ഷകൾ വരുമാന പരിധി അധികരിച്ചതിനാൽ നിരസിച്ചിട്ടുണ്ട്. അപേക്ഷ ലഭിച്ചതും നിരസിച്ചതും സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്. ലഭിച്ച അപേക്ഷകൾ കാല താമസമില്ലാതെ അന്വേഷണത്തിന് നൽകുന്നുണ്ടെങ്കിലും അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ചതായി കാണുന്നില്ല (ചട്ടം 7ബി). സമയ പരിധിക്കുള്ളിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതും പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2016ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. 42,136/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 22.09.2016മുതൽ 23.09.2016വരെ | 01.08.2016മുതൽ 31.08.2016വരെ | 23.09.2016 | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 15.12.2006മുതൽ 29.12.2006വരെ | 1997-98 2005-06 | 03.02.2007 | ഇല്ല |

# 1-11 ഓഡിറ്റ് ഇംപാക്ട്

**1.** ഡെവലപ്പ്മെന്റ് ഫീസിൽ കുറവ് വന്ന **24940** രൂപ അടച്ചു.

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011ലെ ചട്ടം 4 (1) പ്രകാരം കെട്ടിട നിർമ്മാണത്തിന് ഭൂമി വികസിപ്പിക്കുന്നതിന് സെക്രട്ടറിയുടെ മുൻകൂർ അനുമതി ആവശ്യമാണ് . ഭൂമി വികസനത്തിന് ചട്ടം 5 പ്രകാരം ഉടമ അപേക്ഷ സമർപ്പിക്കേണ്ടതും ആയത് പരിഗണിച്ച് പട്ടിക II പ്രകാരമുള്ള ഫീസ് ഈടാക്കി ചട്ടം 7 പ്രകാരം വികസന പെർമിറ്റ് നൽകണം . എന്നാൽ ബി എ നം 38/15-16 /23.03.2016 പ്രകാരം പെർമിറ്റ് നൽകിയപ്പോൾ 49.88 ആർ സ്ഥലത്തിന് 500/ആർ നിരക്കിലുള്ള വികസന പെർമിറ്റ് ഫീസ് ഈടാക്കാഞ്ഞതിനാൽ 24,940/- രൂപയുടെ നഷ്ടം സംഭവിച്ചു . ആയത് ഓഡിറ്റ് എൻക്വയറി നം 3/19.10.2016 പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 24,940/- രൂപ രസീത് നം 3800336 / 20.10.2016 പ്രകാരം അടച്ചു .

**2.** കുറവ് വന്ന തൊഴിൽ നികുതി അടച്ചു.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204 പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കാതിരുന്നതിനാൽ നഷ്ടം വന്ന 930/- രൂപ അടവാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 7 തീയതി 20.10.2016) നൽകിയതിന്റെ അടിസ്ഥാനത്തിൽ കുറവ് വന്ന തുകയും പിഴ പലിശയും ഉൾപ്പെടെ 1,154/- രൂപ 3800357 / 20.10.2016 , 3800356 / 20.10.2016 എന്നീ രസീതുകൾ മുഖേന അടച്ചു.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി

2015-16ൽ വസ്തുനികുതി കുടിശ്ശിക ഡിമാന്റ് തുക 51,76,907/- രൂപയാണ്. ആയതിന്റെ 37.5% മാത്രമാണ് തൻവർഷം പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുള്ളു. വസ്തുനികുതിയിനത്തിൽ തൻവർഷ ഡിമാന്റിന്റെ 69% മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. കുടിശ്ശിക തുകകൾ കാലഹരണപ്പെട്ടു പോകാതെ യഥാസമയം പിരിച്ചെടുക്കുവാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

## 2-2 തൊഴിൽ നികുതി

2015-16ൽ തൊഴിൽ നികുതി നിർണ്ണയിക്കുന്നതിന് ആധാരമായി സമർപ്പിക്കുന്ന അർദ്ധ വാർഷിക വരുമാന പത്രികയിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെട്ടിട്ടില്ലായെന്നു കാണുന്നു. കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ 2(1) ഉപ ചട്ടം പ്രകാരമുള്ള പത്രികയാണ് സമർപ്പിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-3 സേവന നികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 200(2) 1995 ലെ കേരള പഞ്ചായത്ത് രാജ് സേവന നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിലെ കെട്ടിടങ്ങളുടേയോ വസ്തുക്കളുടേയോ വാർഷിക മൂല്യത്തിന്റെ നിശ്ചിത ശതമാനം സേവന നികുതിയായി ഈടാക്കാവുന്നതാണ്. ശുചിത്വ പരിപാലനത്തിന് 1 ശതമാനത്തിലും ജലവിതരണത്തിന് 2 ശതമാനത്തിലും തെരുവിളക്ക് കത്തിക്കുന്നതിന് 2 ശതമാനത്തിലും ഡ്രെയിനേജ്, സ്കാവഞ്ചിങ് എന്നിവക്ക് 1 ശതമാനത്തിലും അധികരിക്കാത്ത തുക ഇപ്രകാരം ഈടാക്കാവുന്നതാണ്. 2015-16 വർഷം തെരുവിളക്ക് ജലസേചനം എന്നീ സേവനങ്ങൾക്കായി 49,13,208/- രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പഞ്ചായത്ത് സേവന നികുതി ഡിമാന്റ് ചെയ്തിട്ടില്ല. സേവന നികുതി ഈടാക്കുന്നത് വഴി തനത് വരുമാനം വർദ്ധിപ്പിക്കുവാനും അതുവഴി കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തുവാനും സാധിക്കും. അധികാരികളുടെ ശ്രദ്ധ ഈകാര്യത്തിലേക്ക് ക്ഷണിക്കുന്നു.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അങ്കണവാടി മതിൽ നിർമ്മാണം - പെയിന്റിംഗ് പ്രവൃത്തി ചെയ്തില്ല - നഷ്ടം ₹.9416

ഫയൽ നം - എ1 – 40 /14

ഗ്രാമ പഞ്ചായത്തിലെ 124ാം നമ്പർ അങ്കണവാടിയുടെ ചുറ്റമതിൽ നിർമ്മാണം എന്ന പ്രൊജക്ടിന്റെ എല്ലാ ഇനങ്ങളും പൂർത്തീകരിക്കാതിരുന്നതിനാൽ 9,416/- രൂപയുടെ നഷ്ടം സംഭവിച്ചു. പ്രൊജക്ടിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു:-

പ്രൊജക്ട് നം - S 186/16
പ്രൊജക്ടിന്റെ പേര് - 124ാം നമ്പർ അങ്കണവാടി ചുറ്റമതിൽ നിർമ്മാണം
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ
അംഗീകാരം - 581/AEE/15-16/23.05.2016
അടങ്കൽ തുക - ₹.1,50,000/- (മെയിന്റനൻസ് ഗ്രാന്റ്)

പ്രൊജക്ടിന്റെ ഭാഗമായി താഴെ പറയുന്ന 7 ഇനങ്ങൾ ആണ് ഉൾപ്പെടുത്തിയിരുന്നത് .

| നം | ഇനം | അളവ് |
|---|---|---|
| 1 | Earth work Excavation | $4.8m^3$ |
| 2 | Dry number Masonary | $16.6m^3$ |
| 3 | Cement concrete 1:2:4 | $1.03m^3$ |
| 4 | Cement solid block masonory | $8.42m^3$ |
| 5 | Plastering with cement mortar | $117.2m^3$ |
| 6 | Steel work in built up tubular | $109m^3$ |
| 7 | Finishing wall with water proof cement paint of required shade with two or more coat | $117.2m^3$ |

എന്നാൽ 22.10.2016 ന് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ, സീനിയർ ഗ്രേഡ് ഓവർസീയർ എന്നിവരോടൊപ്പം സംയുക്ത സ്ഥല പരിശോധന നടത്തിയപ്പോൾ ഇനം 7 പ്രകാരമുള്ള പെയിന്റിംഗ് ചെയ്തിട്ടില്ലാത്തതായി ബോധ്യപ്പെട്ടു. ആയത്, പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ, സീനിയർ ഗ്രേഡ് ഓവർസീയർ എന്നിവർ സാക്ഷ്യപ്പെടുത്തി നൽകുകയും ചെയ്തു. പ്രവൃത്തി ചെയ്തിട്ടില്ലാത്തതിനാൽ എം. ബുക്ക് പേജ് നം.15 പ്രകാരം അനുവദിച്ച 9,416/- രൂപയുടെ ($117.11m^3$ @ $80.40 / m^2 = 9415.64$) ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു .

<u>ചെലവിന്റെ വിശദ വിവരം</u>

കരാറുകാരൻ - അബ്ദുൾ റഷീദ് എ എ
എം ബുക്ക് നം - 62/15-16
ചെലവ് - ₹.149550/-
ബിൽ നം - 57 /15- 16 / 31.03.2016
ഡി ഡി / ചെക്ക് നം - 687399/18.04.2016 (₹.1,40,576/- നികുതികൾ ഒഴികെ )

ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ 15 ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചു. പ്രവൃത്തി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ് .

## 3-2 ഓണറേറിയം - അധികം നൽകിയ ₹.3,600/- തിരികെ ഈടാക്കണം

2015-2016വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ 'ബഡ്സ് സ്കൂൾ കുട്ടികൾക്ക് ഭക്ഷണം, വസ്ത്രം, ഓണറേറിയം, ഡ്രൈവർക്ക് വേതനം' എന്ന പദ്ധതി പ്രകാരം 3,64,488/- രൂപ ചെലവഴിച്ചിട്ടുണ്ട്. 16.11.2013ലെ ജി.ഒ.(എം.എസ്)362/2013 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ 5.9 ഖണ്ഡിക പ്രകാരം ഹെൽപ്പർമാർക്കുള്ള പ്രതിമാസ ഓണറേറിയം 3,600/- രൂപയാണ്. എന്നാൽ മേൽ പദ്ധതി പ്രകാരം എപ്രിൽ 2015, മെയ് 2015 എന്നീ മാസങ്ങളിൽ ഓണറേറിയമായി നൽകിയിരിക്കുന്നത് 4,500/- രൂപയാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ/ഡി.ഡി നം തീയതി | ഓണറേറിയം നൽകിയ മാസം | നൽകിയ തുക | നൽകേണ്ട തുക | അധികം നൽകിയത് |
|---|---|---|---|---|
| 896281/4.6.15 | എപ്രിൽ 2015 | 4500x2=9000 | 3600x2=7200 | 1,800 |
| 896291/25.6.15 | മെയ് 2015 | 4500x2=9000 | 3600x2=7200 | 1,800 |
| ആകെ | | | | 3,600 |

ഇതിന് ഓഡിറ്റ് എൻക്വയറി (നം.5) നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല. ഓണറേറിയം ഇനത്തിൽ അധികം നൽകിയ 3,600/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 മീഡിയ ശ്രീ - തുടർനടപടികൾ സ്വീകരിക്കണം

കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ "മീഡിയ ശ്രീ" പ്രൊജക്ടിന്റെ ഭാഗമായി ഡോക്യുമെന്ററി നിർമ്മാണത്തിനു വേണ്ടി 65000/- രൂപ പിൻവലിച്ചെങ്കിലും നാളിതു വരെ വിനിയോഗിച്ചിട്ടില്ല. പ്രൊജക്ടിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു:-

| | |
|---|---|
| ഫയൽ നം | എ 2 2248 – 15 |
| പ്രൊജക്ട് നം | S 145/16 |
| പ്രൊജക്ടിന്റെ പേര് | മീഡിയ ശ്രീ |
| സർക്കാർ ഉത്തരവ് നം. | സ.ഉ.(സാധാ) 3206/2014 ത.സ്വ.ഭ.വ. /05.12.2014 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അംഗീകാരം | DDP EKM / F – 1643/2014 / 23.05.2015 |
| അടങ്കൽ | 65000 /- പ്ലാൻ ഫണ്ട് |
| പിൻവലിച്ച തുക | 65000 /- |
| ബിൽ നം | 26/26.03.2016 |
| ഡി ഡി / ചെക്ക് നം | 686302/ 08.04.2016 , ₹.65,000/- (പ്ലാൻ ഫണ്ട് ) |

ട്രഷറിയിൽ നിന്ന് 26.03.2016ൽ തുക പിൻവലിച്ച് 08.04.2016ൽ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്തെങ്കിലും ആയത് കുടുംബശ്രീ മിഷന് നൽകിയില്ല. ഡിമാന്റ് ഡ്രാഫ്റ്റിന്റെ കാലാവധി കഴിഞ്ഞതിനാൽ 26.09.2016ൽ കാലാവധി പുതുക്കി സൂക്ഷിച്ചിരിക്കുന്നു.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി പണം വിനിയോഗിക്കുന്നതിന് നിദാനമായ ജി.ഒ.(പി) 177/2006/ഫിൻ തീയതി 12.04.2006 പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾ സർക്കാർ നിർദ്ദേശാനുസരണമുള്ള പ്രവൃത്തികൾ എന്നിവക്ക് തുക മുൻകൂറായി ട്രഷറിയിൽ പിൻവലിക്കാം എന്നാൽ പ്രസ്തുത തുക സമയബന്ധിതമായി നൽകണം . തുക കുടുംബശ്രീ മിഷന് നൽകാത്തത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 2 / 17.10.2016 നം ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ തിരക്ക് മൂലമാണ് ഡി.ഡി. മാറാൻ സാധിക്കാഞ്ഞത് എന്ന് അറിയിച്ചു. ഡി.ഡി. കൈപ്പറ്റുന്നതിനും, എഗ്രിമെന്റ് വെക്കുന്നതിനും കുടുംബശ്രീക്ക് ഉടൻ കത്ത് നൽകുന്നതാണെന്ന് അറിയിച്ചു . അല്ലാത്ത പക്ഷം തുക സർക്കാരിലേക്ക് തിരികെ അടക്കുന്നതാണെന്നും അറിയിച്ചു.

2.കുടുംബശ്രീ സ്റ്റേറ്റ് മിഷൻ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറുടെ 13.04.2015 ലെ

KS/K/6260/2015 നം കത്ത് പ്രകാരം മീഡിയ ശ്രീ പ്രൊജക്റ്റിന്റെ ഭാഗമായി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് 2 പേർ എന്ന പ്രകാരം 1896 പേർക്ക് പരിശീലനം നൽകിയതായും അതിലുൾപ്പെട്ടവരെ ഉൾപ്പെടുത്തിയാണ് അതാത് സ്ഥാപനങ്ങളുടെ ഡോക്യുമെന്ററി തയ്യാറാക്കുക എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചൂർണ്ണിക്കര പഞ്ചായത്തിൽ ഇപ്രകാരം പരിശീലനം കിട്ടിയ കുടുംബശ്രീ അംഗങ്ങളുടെ വിവരം ലഭ്യമാക്കിയില്ല.

3. പഞ്ചായത്ത് പ്രൊജക്റ്റ് സംബന്ധമായി കത്തിടപാടുകൾ, അന്വേഷണങ്ങൾ എന്നിവ നടത്തിയതിന്റെ യാതൊരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രൊജക്റ്റിന്റെ നിലവിലെ അവസ്ഥ അന്വേഷിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

# 3-4 തെരുവ് വിളക്ക് - എം.എം.സി. നൽകുന്നതിന് ടെൻഡർ നടപടികൾ സ്വീകരിച്ചില്ല.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | തെരുവ് വിളക്ക് എ.എം.സി. |
| പ്രോജക്റ്റിന്റെ നമ്പർ | S0023/16 |
| അടങ്കൽ | ₹.5,00,000/- (തനത് ഫണ്ട്) |
| ചെലവ് | ₹.1,51,171/- |

2015-2016വർഷത്തിൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾക്കായി ശ്രീ ഷെമീർ. എം.എ., മനക്കപറമ്പിൽ, തായിക്കാട്ടുകര എന്നയാൾക്ക് 34,272/- രൂപ ചെക്ക് നം 5959484 തീയതി 31.3.16 പ്രകാരം നൽകിയിട്ടുണ്ട്. 03.03.2016ലെ 1(5) തീരുമാനപ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനം പഞ്ചായത്തിന്റെ അനിവാര്യ ചുമതല ആയതിനാലും പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കത്താതെ കിടക്കുന്ന വഴിവിളക്കുകൾ അടിയന്തിരമായി റിപ്പയർ ചെയ്യേണ്ടത് അത്യാവശ്യമായതിനാലും അറ്റകുറ്റപണികൾ ലേബർ അടിസ്ഥാനത്തിൽ ചെയ്യുന്നതിനും ടെണ്ടർ നടപടികളിലൂടെ കാലതാമസം ഒഴിവാക്കി ഉടനടി ആളെ നിയമിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത് ജി.ഒ.(പി) 259/2010 ത.സ്വ.ഭ.വ തീയതി 08.11.2010, സ്റ്റോർസ് പർച്ചേസ് മാന്വൽ എന്നിവയിലെ വ്യവസ്ഥകളുടെ ലംഘനമാണ്. നടപടിക്രമങ്ങൾ പാലിക്കാത്തത് സംബന്ധിച്ച് പരിശോധിക്കേണ്ടതും വിശദ വിവരം ലഭ്യമാക്കേണ്ടതുമാണ്.

# 3-5 ഹോമിയോ ആശുപത്രി - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

പ്രോജക്റ്റ് നമ്പർ – S0091/16
അടങ്കൽ – ₹.1,50,000/- [മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)]
ചെലവ് -₹. 31,266/- (ബിൽ നം 6/2015-16തീയതി 21.10.2015)
₹.1,18,734/- (ബിൽ നം 8/2015-16തീയതി 15.2.2016)
നിർവ്വഹണ ഉദ്യോഗസ്ഥർ – മെഡിക്കൽ ഓഫീസർ(ഹോമിയോ), ചൂർണ്ണിക്കര

ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി 1,50,000/- രൂപ ഹോംകോയ്ക്ക് ഡി.ഡി. നം 444557 തീയതി 20.10.2015 പ്രകാരം 31,266/- രൂപയും ഡി.ഡി. നം 446555 തീയതി 15.2.2016 പ്രകാരം 1,18,734/- രൂപയും നൽകിയിട്ടുണ്ട്. ഇതിൽ 31,266/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ആരോഗ്യവകുപ്പ് നൽകുന്ന മരുന്നുകളുടെ അളവ് പര്യാപ്തമല്ലാത്തതിനാലാണ് ഗ്രാമപഞ്ചായത്ത് മരുന്ന് വാങ്ങി നല്കുന്നതിനായി തുക മുൻകൂർ നൽകിയിട്ടുള്ളത്. എന്നാൽ ഹോംകോ പല തവണകളായിട്ടാണ് മരുന്നുകൾ നല്കുന്നത്. ഇത് ഹോമിയോ ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4 തീയതി 19.10.2016) നൽകിയ മറുപടിയിൽ മരുന്നുകൾ ഹോംകോയിൽ നിന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 സോഡിയം വേപ്പർ ലാമ്പുകൾ - വ്യവസ്ഥകൾ നിർണ്ണയിച്ച് കരാർ നൽകണം.

ഗ്രാമ പഞ്ചായത്ത് പരിധിയിലൂടെ കടന്നു പോകുന്ന നാഷണൽ ഹൈവേ 544 ( പഴയ നം 47 ) ന്റെ സെന്റർ മീഡിയനിൽ സ്ഥാപിച്ചിരുന്ന സോഡിയം വേപ്പർ ലാമ്പുകൾ നീക്കം ചെയ്ത് കൊച്ചി മെട്രോ റെയിൽ പുതിയ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിച്ചിട്ടുണ്ട് . ആയതിന്റെ എണ്ണം കൃത്യമായി കണക്കാക്കി കരാറുകൾ തയ്യാറാക്കി പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം കൈമാറേണ്ടതാണ് . സോഡിയം വേപ്പർ ലാമ്പുകളുടെ സ്ഥാപിക്കൽ, അറ്റകുറ്റപ്പണി, പരസ്യ നികുതി എന്നിവയുടെ ഫയൽ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 9 തീയതി 20.10.2016) നൽകിയെങ്കിലും ഫയൽ ഹാജരാക്കിയില്ല. മുൻപ് സ്ഥാപിച്ചിരുന്ന സോഡിയം വേപ്പർ ലാമ്പുകൾ നീക്കം ചെയ്താണ് പുതിയവ സ്ഥാപിച്ചത്. പഞ്ചായത്ത് കമ്മറ്റിയുടെ 09.08.2016 ലെ VIII 8 b നം തീരുമാന പ്രകാരം നീക്കം ചെയ്ത സാധനങ്ങൾ കരാർ ഏറ്റെടുത്തിരുന്ന അമിയ അഡ്വർട്ടൈസേഴ്സ് എന്ന് സ്ഥാപനത്തിന് നൽകാൻ തീരുമാനിച്ചു. അമിയ അഡ്വർട്ടൈസേഴ്സുമായുള്ള 22.11.2005 ലെ പുതുക്കിയ കരാറായ A 3 18 / 2005 - 06 പ്രകാരം 22.11.2005 മുതൽ 20 വർഷത്തേക്കാണ് അറ്റകുറ്റപ്പണിയും, പരസ്യം പിരിക്കുന്നതിനുള്ള അവകാശവും നൽകിയിട്ടുള്ളത്. 09.08.2016ലെ VIII 8(a) നം തീരുമാന പ്രകാരം മെട്രോ വർക്കുകൾ കാരണം കരാർ കാലാവധിക്കു ശേഷം മുടങ്ങിയ 4 വർഷത്തേക്ക് കൂടി എഗ്രിമെന്റ് പരിശോധിച്ച് കരാർ നീട്ടി നൽകുന്നതിന് തീരുമാനിച്ചു. കരാർ പുതുക്കി നൽകുകയാണെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

(a) പുതിയ സോഡിയം വേപ്പർ ലാമ്പുകൾ കെ.എം.ആർ.എൽ. സ്ഥാപിച്ചതിനാൽ ആയതിന്റെ സാങ്കേതിക വശങ്ങൾ .

(b) പുതിയ സോഡിയം വേപ്പർ ലാമ്പുകൾ ആയതിനാലും, കെ.എം.ആർ.എൽ. സ്ഥാപിച്ചതിനാലായതിനാലും പഴയ ഏജൻസിക്ക് തന്നെ കരാർ കാലാവധി നീട്ടി നൽകിയതിന്റെ നിയമ സാധുത .

ഇക്കാര്യങ്ങൾ പരിശോധിച്ചും പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് .

## 3-7 പൊതു ടാപ്പുകൾ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

സ.ഉ (സാ) നം. 1275/2009/ത.സ്വ.ഭ.വ തീയതി 30.05.2009 പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്തുകളും തങ്ങളുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതു ടാപ്പുകളുടെ എണ്ണം, ജല അതോറിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥനോടൊപ്പം സംയുക്ത പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ തയ്യാറാക്കേണ്ടതും, ജലം ലഭ്യമാകുന്ന എല്ലാ ടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം ഒരു സംയുക്ത പരിശോധന നടത്തിയട്ടില്ല. 2015-16 വർഷാരംഭത്തിൽ 253 ടാപ്പുകൾക്കും വർഷാവസാനം 255 ടാപ്പുകൾക്കും വെള്ളക്കരം ഒടുക്കുന്നുണ്ട്. ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന ജലത്തിനു മാത്രമേ പണം നൽകുന്നുള്ളൂവെന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ഗുണഭോക്തൃസമിതി പ്രവൃത്തികൾ - മാനദണ്ഡങ്ങൾ പാലിക്കണം

ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിൽ 2015-16ൽ കെട്ടിട നിർമ്മാണ പ്രവർത്തികൾ ഒഴികെ മറ്റെല്ലാ മരാമത്ത് പ്രവൃത്തികളും ഗുണഭോക്തൃസമിതി മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. 75 പ്രവൃത്തികളിൽ 63 എണ്ണവും കൺവീനർമാർ മുഖേനയാണ് ചെയ്തിട്ടുള്ളത്. എന്നാൽ 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം.13, സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച 'ഗുണഭോക്തൃസമിതി മാർഗ്ഗരേഖ' എന്നിവയിലെ വ്യവസ്ഥകൾ പലതും പാലിക്കാതെയാണ് ഈ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. വിശദവിവരം താഴെ

ചേർക്കുന്നു.

ഗുണഭോക്തൃസമിതി രൂപീകരണം.

നടപ്പിലാക്കാനുദ്ദേശിക്കുന്ന നിർമ്മാണ പ്രവൃത്തിയുടെ ഗുണഭോക്താക്കളുടെ ഒരു യോഗം ചുരുങ്ങിയത് 3 ദിവസം മുമ്പ് നോട്ടീസ് നൽകി വിളിച്ചുചേർക്കണം. ഈ യോഗത്തിൽ വച്ച് 7-15 അംഗങ്ങളെ ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹണ കമ്മറ്റിയും അതിന് ഒരു കൺവീനറെയും ചെയർമാനെയും തെരഞ്ഞെടുക്കണം. എന്നാൽ പല പ്രവൃത്തികൾക്കും ഇപ്രകാരം ഗുണഭോക്തൃസമിതി ചേർന്നിട്ടില്ല.

പണമിടപാടുകൾക്ക് സംയുക്തബാങ്ക് അക്കൗണ്ട്

പണമിടപാട് നടത്തുന്നതിന് വേണ്ടി ചെയർമാന്റെയും കൺവീനറുടെയും പേരിൽ ഒരു സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കണം. മുഴുവൻ പണമിടപാടുകളും ഈ അക്കൗണ്ടിലൂടെ മാത്രമെ നടത്താവൂ. ചില പ്രവൃത്തികൾക്ക് മാത്രമേ ഇപ്രകാരം അക്കൗണ്ട് ആരംഭിച്ചിട്ടുള്ളൂ. എന്നാൽ ഈ അക്കൗണ്ടിലൂടെ ആരും പണമിടപാടുകൾ നടത്തിയിട്ടില്ല.

മസ്റ്റർ റോളുകൾ ക്രമപ്രകാരമല്ല.

പ്രവൃത്തിക്ക് നിയോഗിക്കുന്ന വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, മേൽവിലാസം, വയസ്സ്, അച്ഛന്റെ പേര്, ഹാജർ, വേതന നിരക്ക്, വേതനം എന്നിവ അതാത് ദിവസം കൃത്യമായി രേഖപ്പെടുത്തി, അവസാന ദിവസം തൊഴിലാളികളെ കൊണ്ട് ഒപ്പ് രേഖപ്പെടുത്തി വേതനം നൽകണം. മസ്റ്റർ റോളിൽ ചെയർമാനും കൺവീനറും അവരുടെ ഒപ്പം, ഇത് പ്രകാരം ചെയ്ത പ്രവൃത്തിയും ഏതെന്ന് രേഖപ്പെടുത്തണം. ഇപ്രകാരം മസ്റ്റർ റോളുകൾ തയ്യാറാക്കിയിട്ടില്ല.

നിർമ്മാണസാധനങ്ങളുടെ വാങ്ങൽ.

നിർമ്മാണസാധനങ്ങൾ ഗുണനിലവാരം ഉറപ്പുവരുത്തി ഗുണഭോക്തൃസമിതിയുടെ അംഗീകാരത്തിന് വിധേയമായി വാങ്ങണം. വാങ്ങുന്നത് വ്യക്തികളിൽ നിന്നായാലും സ്ഥാപനങ്ങളിൽ നിന്നായാലും, സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തം വില, തീയതി എന്നിവ രേഖപ്പെടുത്തിയ രസീതുകൾ വേണം. സിമന്റ്, കമ്പി, ബിറ്റുമിൻ എന്നിവ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതും അപ്രകാരമുള്ള ബില്ലുകൾ, പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് പഞ്ചായത്തിന് കൈമാറേണ്ടതുമാണ്. എന്നാൽ ബിറ്റുമിൻ, സിമന്റ് എന്നിവ ഒഴികെയുള്ള സാധനങ്ങളുടെ വാങ്ങൽ ചട്ടപ്രകാരമല്ല നടത്തിയിട്ടുള്ളത്. പല പ്രവൃത്തികളിലും പർച്ചേയ്സ് ബില്ലുകൾ ലഭ്യമാക്കിയിട്ടില്ല.

സമിതി യോഗം, മിനിറ്റ്സ് ബുക്ക്

പണി പൂർത്തീകരിക്കപ്പെടുന്നത് വരെ ഗുണഭോക്തൃസമിതി ആഴ്ചയിയിലൊരിക്കൽ യോഗം ചേരുകയും വൗച്ചറുകൾ പാസ്സാക്കുകയും പ്രവർത്തനം വിലയിരുത്തുകയും വേണം. ഇതിന്റെ മിനിറ്റ്സ് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കണം. എന്നാൽ ഫൈനൽ ബില്ലുകൾക്കൊപ്പം സൂക്ഷിച്ചിട്ടുള്ള മിനിറ്റ്സ് ബുക്കുകൾ, ക്രമപ്രകാരം യോഗങ്ങൾ ചേരുന്നില്ല എന്നത് വ്യക്തമാക്കുന്നു.

വരവ് ചെലവ് കണക്ക് പുസ്തകം - നിർദ്ദിഷ്ട മാതൃകയിൽ സൂക്ഷിക്കുന്നില്ല.

വരവ് ചെലവുകൾ നിർദ്ദിഷ്ട മാതൃകയിൽ കൃത്യമായി ദിനംപ്രതി എഴുതി സൂക്ഷിക്കേണ്ടതാണെങ്കിലും ഒരു സമിതിയും ഇപ്രകാരം കണക്ക് പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല.

അവസാന പൊതുയോഗം/ സംരക്ഷണക്കമ്മറ്റി രൂപീകരണം.

പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ ലഭിച്ചതിന് ശേഷം പൊതുയോഗം വിളിച്ച് ചേർത്ത് വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് ബോദ്ധ്യപ്പെടുത്തേണ്ടതാണ്. അതിന് ശേഷം സംയുക്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്. ഇങ്ങനെ ചേരുന്ന പൊതുയോഗത്തിൽ പ്രവൃത്തി നിർവ്വഹണ കമ്മറ്റി പിരിച്ചുവിടുകയും ആസ്തി സംരക്ഷണത്തിന് വേണ്ടി ഒരു കമ്മറ്റി രൂപീകരിക്കുകയും വേണം. പഞ്ചായത്തിൽ ഗുണഭോക്തൃസമിതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ തുടർ സംരക്ഷണത്തിനായി ഇത്തരത്തിൽ സംരക്ഷണക്കമ്മറ്റികൾ രൂപീകരിച്ചിട്ടില്ല.

സമിതി കൈമാറുന്ന രേഖകൾക്ക് രസീത് നൽകുന്നില്ല.

പ്രവൃത്തി പൂർത്തിയാക്കിയ ശേഷം കൺവീനർ എല്ലാ രേഖകളും പഞ്ചായത്തിന് നൽകി രസീത് വാങ്ങേണ്ടതാണ്. ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. അതിനാൽ തന്നെ കൺവീനർ രേഖകൾ ഹാജരാക്കാതിരിക്കുകയോ ഭാഗികമായി കൈമാറുകയോ ചെയ്യുന്ന സാഹചര്യം ഉണ്ടാകുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കി യിരിപ്പ് |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2,00,000 | S0004/16 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2,00,000 | S0066/16 മാധവപുരം അണ്ടികമ്പിനി കനാൽ റോഡ് ബൈലെയിൻ നിർമ്മാണം | 2,00,000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 3,00,000 | S0075/16 കുത്തനാലി ബൈലൈൻ കട്ട വിരിക്കൽ | 3,00,000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 1,00,000 | S0041/16 തുരങ്കം സടക്ക് റോഡ് | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 1,66,180 | S0004/16 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,66,180 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്.

ഇല്ല

## 4-4 വായ്പ /വായ്പ തിരിച്ചടവ്.

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 9934/- രൂപ ഈടാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു :-

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | തുക | പേര് | രസീത് നം. / തീയതി |
|---|---|---|---|---|
| 1999-2000 | 37(1) | 300 | ലത.എഫ്., | 11503103935/01.01.2016 |

| | | | | |
|---|---|---|---|---|
| | 33(2) | 32 | | 11503103926/01.01.2016 |
| | 33(3) | 40 | | 11503103927/01.01.2016 |
| | 33(4) | 40 | | 11503103937/01.01.2016 |
| | 33(4) | 64 | | 11503103929/01.01.2016 |
| | 34 | 1500 | | 11503103695/17.12.2015 |
| | 34 | 1500 | | 11503102669/01.01.2015 |
| | 35 | 4290 | സെക്രട്ടറി | 11503103930/01.01.2016 |
| | 33(2) | 40 | | 11503103998/07.01.2016 |
| | 37(2) | 500 | | 11503104002/07.01.2016 |
| | 33(4) | 32 | | 11503104000/07.01.2016 |
| | 33(4) | 64 | | 11503104001/07.01.2016 |
| | 33(3) | 32 | | 11503103999/07.01.2016 |
| | 34 | 1500 | | 11503103695/17.12.2015 |
| ആകെ തുക | | 9934 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2001-2002 2(12) | 2006-07 3.39.1.2 | മരാമത്ത് പണികൾക്കും മറ്റും മുൻകൂർ പണം കൈപ്പറ്റിയിട്ട് പണി പൂർത്തിയാക്കിയിട്ടില്ല. | മറുപടി നൽകിയിട്ടുണ്ട് |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,28,09,525 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,26,69,473 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13,016 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | - | 9,416 | ഖദീജ ബീവി. കെ എം , അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-2 | - | 3,600 | സുഹ്റ. സി.എച്ച്., ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ആകെ | | 12,416 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക :- ഇല്ല

**(സി)** കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഖദീജ ബീവി. കെ.എം., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് | കുറ്റാട്ട് പുറം , കണ്ടന്തറ , അല്ലപ്ര , പെരുമ്പാവൂർ |
| സുഹ്റ സി എച്ച് , ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ , ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് | മുറിക്കാടൻ വീട് , സൗത്ത് വാഴക്കുളം , ചെമ്പറക്കി . |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.ഇ.(പി2) 34/97/12.12.97 |
| 1996-97 | എൽ.എഫ്.ഇ.(പി3) 54/98/6.05.98 |
| 1997-98 | എൽ.എഫ്.ഇ.(പി5) 1045/99/15.07.00 |
| 1998-99 | എൽ.എഫ്.ഇ.(പി5) 660/01/9.11.01 |
| 1999-2000 | എൽ.എഫ്.ഇ.(പി5) 373/03/21.07.03 |
| 2000-01 | എൽ.എഫ്.ഇ.(പി5) 345/04/29.07.04 |
| 2001-02(വരവ്) | എൽ.എഫ്.ഇ.(പി5) 890/06/19.01.07 |
| 2001-02(ചെലവ്) | എൽ.എഫ്.ഇ.(പി5) 752/05/22.2.06 |
| 2002-03 | എൽ.എഫ്.ഇ.(പി5) 890/06/20.02.07 |
| 2003-04 | എൽ.എഫ്.ഇ.(പി5) 1067/08/5.11.08 |
| 2004-05 | എൽ.എഫ്.ഇ.(പി5) 1062/08/5.11.08 |
| 2005-06 | എൽ.എഫ്.ഇ.(പി5) 470/09/31.5.09 |
| 2006-07 | എൽ.എഫ്.ഇ.(പി5) 471/09/5.6.10 |
| 2007-08 | എൽ.എഫ്.ഇ.(പി5) 1544/09/9.11.09 |
| 2008-09 | എൽ.എഫ്.ഇ.(പി5) 112/11/27.10.11 |

| | |
|---|---|
| 2009-10 | എൽ.എഫ്.ഇ.(പി5) 114/11/27.10.11 |
| 2010-11 | എൽ.എഫ്.ഇ.(പി5) 2117/11/1.12.11 |
| 2011-12 | എൽ.എഫ്.ഇ.(പി5) 1052/13/9.7.13 |
| 2012-13 | എൽ.എഫ്.ഇ.(പി5) 1550/14/13.10.14 |
| 2013-14, 2014-15 | കെ.എസ്.എ -ഇ.കെ.എം(പി5) 1099/2015 /31.07.2015 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.-ഇകെഎം(പി5)1848/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

തീയതി : 08.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# APPENDIX – I

## AUDIT CERTIFICATE – 2015-16

No.KSA-EKM(P.5)1848/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 08.12.2016

Certified that I have audited the Annual Financial Statement of CHOORNIKKARA Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of CHOORNIKKARA Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

.

Deputy Director (H.G.)